പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

തൊഴിലുറപ്പ് പദ്ധതി വിപുലപ്പെടുത്തുന്നതിന് നടപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4668

05.02.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികൾ ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾമൂലം കേരളത്തിൽ കാർഷികോല്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളത്തിൽ കാർഷികോത്പാദന മേഖലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട് ഇത് സംബന്ധിച്ച വിലയിരുത്തലുകൾ നടത്തി വരുന്നതേയുള്ളൂ. |
| (സി) | ഓരോ പഞ്ചായത്തിലും ജൈവ പച്ചക്കറികൃഷി, ജല സ്രോതസ്സുകൾ വൃത്തിയാക്കൽ, നെൽകൃഷി തുടങ്ങിയ പ്രത്യുത്പാദനപരമായതും സംസ്ഥാനത്തിന്റെ പുരോഗതിക്കും സ്വയംപര്യാപ്തതയ്ക്കും ഉതകുന്നതുമായ പ്രവൃത്തികൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുമോയെന്ന് വിശദമാക്കുമോ? | (സി) | കേന്ദ്രസർക്കാരിന്റെ നിർദ്ദേശാനുസരണമുള്ള പ്രവൃത്തികൾ മാത്രമേ ഈ പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. ജൈവ പച്ചക്കറികൃഷി, നെൽകൃഷി തുടങ്ങിയവ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

<u>വിഭാഗം എ</u> : **പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട് പൊതു പ്രവൃത്തികൾ**

i. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല റീചാർജ്ജിനായി ആവശ്യമായ അടിയണകൾ, മൺതടയണകൾ, തടയണകൾ, ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ.

ii. ഒരു നീർത്തടത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ സംരക്ഷണം തുടങ്ങിയ നീർത്തട പരിപാലന പ്രവർത്തനങ്ങൾ

iii. സൂക്ഷ്മ ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/ കനാൽ എന്നിവയുടെ നിർമ്മിതി, പുനഃരുദ്ധാരണം, മെയിന്റനൻസ് എന്നി പ്രവൃത്തികൾ

iv. തോടുകളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസംഭരണികളുടെ പുനഃരുദ്ധാരണം

v. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും, കനാൽ ബണ്ടുകളിലും. റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും മറ്റ് പ്രദേശങ്ങളിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും. പ്രസ്തുത പ്രവൃത്തികളിൽ നിന്നും ലഭിക്കുന്ന ആദായം പാര 5 ൽ പ്രതിപാദിക്കുന്ന വിഭാഗങ്ങൾക്ക് അവകാശപ്പെടുത്താവുന്നതാണ്.

vi. പൊതു സ്ഥലങ്ങളിലെ ഭൂവികസന പ്രവർത്തനങ്ങൾ

II. <u>വിഭാഗം ബി</u> : **സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് വ്യക്തിഗത ആസ്തി സൃഷ്ടിക്കൽ ( പാര 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം**

i) പാര 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് സഹായകമായ കിണറുകൾ, കുളങ്ങൾ മറ്റ് ജല സംരക്ഷണ നിർമ്മിതികൾ എന്നിവ ലഭ്യമാക്കലും അതോടൊപ്പം ഭൂമി വികസിപ്പിക്കലും

ii) പഴകൃഷി, പട്ട്നൂൽപുഴു കൃഷി, തോട്ടവിളകൃഷി, വനവത്കരണം എന്നിവയിലൂടെ ആജീവന വ്യവസ്ഥകൾ മെച്ചപ്പെടുത്തൽ

iii) പാര 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ

iv) ഇന്ദിരാ ആവാസ് യോജന പ്രകാരമോ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിനുള്ള അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം

v) മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ കോഴിക്കൂട്, ആട്ടിൻ കൂട്, പന്നി കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണം

vi) മത്സ്യ സമ്പത്തും ലഭ്യതയും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ, വർഷകാലത്ത് പൊതുഭൂമിയിൽ ഉണ്ടാകുന്ന വെള്ളക്കെട്ടിൽ മത്സ്യം വളർത്തൽ

III. <u>വിഭാഗം സി</u> : **ദേശീയ ഗ്രാമീണ ഉപജീവന മിഷനിലൂടെ പ്രവർത്തനക്ഷമമായിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് ആവശ്യമായ പൊതു അടിസ്ഥാന സൗകര്യ നിർമ്മിതികൾ**

i. കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ജൈവവളങ്ങളുടെ നിർമ്മാണത്തിനും വിളവെടുപ്പ് കഴിഞ്ഞ് ഉല്പന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ട സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം

ii. സ്വയം സഹായ സംഘങ്ങളുടെ ആജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ വർക്ക് ഷെഡുകളുടെ നിർമ്മാണം

IV. <u>വിഭാഗം ഡി</u> : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം

i. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം സമ്പൂർണ്ണമായി ഇല്ലായ്മ ചെയ്യുന്നതിനായി സ്വതന്ത്രമായോ അല്ലെങ്കിൽ സർക്കാർ വകുപ്പുകളുടെ മറ്റ് പദ്ധതികളുമായി *ഉദ്ഗ്രഥനത്തിലൂടെയോ* ഏറ്റെടുക്കാവുന്ന ഗ്രാമീണ ശുചിത്വ പരിപാടികളായ വ്യക്തിഗത കക്കൂസുകൾ/സ്കൂൾ ടോയ്ലെറ്റുകൾ/ അംഗൻവാടി ടോയ്ലെറ്റുകൾ എന്നിവയുടെ നിർമ്മാണവും ഖര-ദ്രവ മാലിന്യ പരിപാലനവും.

ii. നിലവിൽ പ്രധാനപ്പെട്ട റോഡുകളുമായി ബന്ധപ്പെടാത്ത ഗ്രാമപ്രദേശങ്ങളെയും ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും പ്രധാനറോഡുകളുമായി ബന്ധിപ്പിക്കുന്ന എല്ലാ കാലാവസ്ഥയിലും നിലനിൽക്കുന്ന റോഡുകൾ, ഉറപ്പുള്ള ഉൾറോഡുകൾ, ഓടകൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണം

iii. കളിസ്ഥലങ്ങളുടെ നിർമ്മാണം

iv. വെള്ളപ്പൊക്ക നിയന്ത്രണ/സംരക്ഷണ പ്രവർത്തനങ്ങൾ, വെള്ളക്കെട്ട് പ്രദേശങ്ങളിലെ ഡ്രെയിനേജ് സൗകര്യം വർദ്ധിപ്പിക്കൽ, വെള്ളപ്പൊക്കം നിയന്ത്രിക്കുന്ന തോടുകളുടെ ആഴം കൂട്ടൽ/ അറ്റകുറ്റപണികൾ, തീരപ്രദേശങ്ങളിൽ ഉണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ആവശ്യമായ തോടുകളുടെ നിർമ്മാണം എന്നിവയിലൂടെ ദുരന്തനിവാരണ മുന്നൊരുക്കം ഫലപ്രദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അല്ലെങ്കിൽ റോഡുകളുടെയും മറ്റ് അവശ്യ പൊതു അടിസ്ഥാന സൗകര്യങ്ങളുടെ പുനഃരുദ്ധാരണം.

v. ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, ചുഴലികൊടുങ്കാറ്റിൽ വീട് നഷ്ടപ്പെട്ടവരെ

സംരക്ഷിക്കുന്നതിനുള്ള അഭയകേന്ദ്രങ്ങൾ ,അങ്കണവാടികൾ, ഗ്രാമീണ ചന്തകൾ, ബ്ലോക്ക്/പഞ്ചായത്ത്തലത്തിൽ ഗ്രാമീണ ശ്മശാനങ്ങൾ തുടങ്ങിയ നിർമ്മിതികൾ ഏറ്റെടുക്കാവുന്നതാണ്."

vi. ദേശീയ ഭക്ഷ്യ-സുരക്ഷാനിയമം 2013 (20/2013) ലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണം

vii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിലെ നിർമ്മാണ വസ്തുക്കളുടെ ഉല്പാദനം

viii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലൂടെ സൃഷ്ടിക്കപ്പെട്ട പൊതു ആസ്തികളുടെ മെയിന്റനൻസ്